ശ്രീ. ടി. കെ. ഹംസ : ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനു ശേഷം നാലഞ്ചു പ്രാവശ്യം അരിക്ക് വില വർദ്ധിപ്പിച്ചിട്ടുണ്ട്. ആ രീതിയിൽ അധികമായി വരുന്ന വരുമാനം എന്താണ്, അത് ഏതു വിധത്തിലാണ് ചെലവാക്കുന്നത്.

ശ്രീ. യു. എ. ബീരാൻ : റേഷനരിയുടെ വിലവർദ്ധനവിലുണ്ടാകുന്ന വരുമാനം ഈ ഗവൺമെൻറിനല്ല ; കേന്ദ്രഗവൺമെൻറിനാണ്. അത് ചെലവാക്കേണ്ടത് കേന്ദ്രഗവൺമെൻറാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : റേഷൻ വിതരണത്തിൽ സഹകരണ സംഘങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അവരെ സംബന്ധിച്ചിടത്തോളം വൻപിച്ച തുക ഡിപ്പാർട്ടുമെൻറിൽ ഇന്നും ഹെൽഡപ്പായി കിടക്കുന്നുണ്ട്. അതുകൊണ്ട് അതോറിറ്റിയെടുത്ത റേഷനരി യഥാസമയം വിതരണം ചെയ്യാൻ കഴിയുന്നില്ലായെന്നുള്ള പരാതി സഹകരണസംഘങ്ങളുടെ ഭാഗത്തുനിന്നും ഗവൺമെൻറിനു കിട്ടിയിട്ടുണ്ടോ, ഉണ്ടെങ്കിൽ അവർക്കു കൊടുക്കാനുള്ള പണം പൂർണ്ണമായും പെട്ടെന്ന് റിലീസ് ചെയ്യാനുള്ള നടപടികളും സ്വീകരിക്കുമോ ?

ശ്രീ. യു. എ. ബീരാൻ : അതാണ് ഞാൻ പറഞ്ഞത് അൽപം താമസം ഇതിൽ വന്നിട്ടുണ്ട്. പക്ഷേ മുഴുവൻ സംഖ്യയും കൊടുത്തുകഴിഞ്ഞു.

ശ്രീ. വർക്കല രാധാകൃഷ്ണൻ : റേഷൻ വിതരണത്തിൽ ഏർപ്പെട്ടിട്ടുള്ള സഹകരണസംഘങ്ങൾക്ക് സൗജന്യ റേഷൻ മാത്രമല്ല, അല്ലാതെയുള്ള അവസരങ്ങളിലും അവരെ ഒക്കാണ്ട് കൂടുതൽ പണം ഹോൾഡപ്പാക്കി സംഘങ്ങളെ ബുദ്ധിമുട്ടിക്കുന്നതായിട്ട് പരാതിയുണ്ട്.

ശ്രീ. യു. എ. ബീരാൻ : അങ്ങനെയില്ല. അല്ലാത്ത നിലയിൽ റേഷൻ ഷോപ്പുകാരുടെ പണം ഹോൾഡപ്പാക്കി അവരെ ബുദ്ധിമുട്ടിക്കുന്ന യാതൊരു പ്രശ്നവുമില്ല. അത് ഉണ്ടായിട്ടില്ല. ഉണ്ടാകുകയുമില്ല.

ഊർജ്ജിത നെല്ലുൽപ്പാദന പരിപാടി

* 134 [137] ശ്രീ. സി. കെ. തങ്കപ്പൻ :
,, വി. എസ്. ചന്ദ്രശേഖരൻപിള്ള :
,, കെ. പുരുഷോത്തമൻ :
,, വി. കേശവൻ :
,, ടി. കെ. ആറുമുഖൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഊർജ്ജിത നെല്ലുൽപ്പാദന പരിപാടി എന്നുള്ളതുകൊണ്ട് ഉദ്ദേശിക്കുന്നതെന്താണെന്ന് വിശദീകരിക്കുമോ ;

(ബി) പ്രസ്തുത പരിപാടികൊണ്ട് ഉൽപ്പാദനം എത്ര ശതമാനം വർദ്ധിപ്പിക്കാൻ കഴിയും ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) :

(എ) തെരഞ്ഞെടുക്കപ്പെട്ട പാടശേഖരങ്ങളിലെ നെൽക്കൃഷിക്കാർക്ക് ഉൽപ്പാദനവർദ്ധനവിനു ഉതകുന്ന വിധത്തിൽ താഴെ പറയുന്ന സാങ്കേതിക

LIBRARY ARCHIVES Kerala Legislative Assembly

ഉപദേശങ്ങൾ കൃഷി വകുപ്പിലെ റഗി. ആൻറ് വി. തലത്തിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥൻമാർ മുഖേന പകർന്നുകൊടുക്കുകയും ഉൽപ്പാദനോപാധികൾ, അതായത് വളം, വിത്ത്, കീടനാശിനി മുതലായവ ആവശ്യാനുസരണം ലഭ്യമാക്കുകയുമാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ഈ പരിപാടിയുടെ പ്രത്യേകതകൾ താഴെ പറയുന്നവയാണ്.

1. ഓരോ സ്ഥലത്തിനും അനുയോജ്യമായ മേൽത്തരം നെൽവിത്തിനങ്ങൾ ഉൽപ്പാദിപ്പിച്ച് ഉപയോഗിക്കുക.

2. ഒരു ചതുരശ്ര മീറ്ററിൽ 350 മുതൽ 400 വരെ നെൽക്കുലകൾ ഉണ്ടാകത്തക്കവണ്ണം ചെടികൾ തമ്മിലുള്ള അകലം ഒരു നിരയിലുള്ള ചെടികളുടെ എണ്ണം, നടീലിൻറെ ആഴം എന്നീ അനുയോജ്യമായ രീതിയിൽ ക്രമീകരിക്കുക.

3. പരമാവധി ഉൽപ്പാദനക്ഷമത ഉറപ്പുവരുത്തുന്നതിന് ശുപാർശ ചെയ്തിട്ടുള്ള വളങ്ങൾ കൃത്യമായ അളവിൽ തക്കസമയത്ത് ചേർക്കുക.

4. വ്യാപകമായ തോതിൽ ഉപയോഗിക്കാൻ സാദ്ധ്യതയുള്ള സ്ഥലത്ത് കളനാശിനികൾ ഉപയോഗിച്ച് കളകളെ നിയന്ത്രിച്ച് ഉൽപ്പാദന ചെലവ് കുറക്കുക.

5. പാടശേഖരത്തിൽ ജലനിർപ്പ് ശരിയായ രീതിയിൽ ക്രമീകരിക്കുക.

6. നെൽച്ചെടികളുടെ ആരോഗ്യം ഉറപ്പുവരുത്തത്തക്ക രീതിയിൽ സസ്യ സംരക്ഷണ നടപടികൾ സ്വീകരിക്കുക എന്നിവയാണ്.

(ബി) ഈ പരിപാടികൊണ്ട് ഉദ്ദേശം 20 ശതമാനത്തോളം നെല്ലുൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

ശ്രീ. സി. കെ. തങ്കപ്പൻ : നാം പാസ്സാക്കിയ ഈ വർഷത്തെ ബഡ്ജറ്റിൽ ഊർജ്ജിത നെല്ലുൽപ്പാദനത്തെ സംബന്ധിച്ച് പല നിർദ്ദേശങ്ങളും ഉൾക്കൊണ്ടിട്ടുള്ളതായി ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, അത് എത്രമാത്രം നടപ്പിലാക്കി, അതുകൊണ്ട് കൃഷിക്കാരെ എത്രമാത്രം സഹായിക്കാൻ കഴിഞ്ഞു എന്നു വ്യക്തമാക്കുമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : അതിന് പ്രത്യേക തുക നിശ്ചയിച്ചിട്ടില്ല. കൃഷിക്കാരെ സഹകരിപ്പിച്ചുകൊണ്ട് വളം, കീടനാശിനി മുതലായവ കൃത്യ സമയത്തിന് കൊടുക്കുന്നതിനും 1.50 രൂപയ്ക്ക് വിത്ത് കൃത്യമായി എത്തിക്കുക, വികസന പ്രവർത്തനത്തിലൂടെ അവരെ പരിപോഷിപ്പിക്കുക മുതലായവ ചെയ്യുന്നുണ്ട്. ഇക്കൊല്ലം എഴുപത്തി അയ്യായിരം ഹെക്ടർ സ്ഥലത്ത് ഊർജ്ജിത നെല്ലുൽപ്പാദന പദ്ധതി അനുസരിച്ച് കൃഷി ചെയ്യുന്നതാണ്.

ശ്രീ. സി. കെ. തങ്കപ്പൻ : മറ്റൊരു ചോദ്യത്തിന് ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി പറഞ്ഞത് (ഇതേ വിഷയത്തിന്) കൃഷിക്കാരെ സഹായിക്കാൻ ഒരു നിർദ്ദേശമുണ്ട്, അത് ഉടനെ പ്രഖ്യാപിക്കുമെന്നാണ്. കൃഷി വകുപ്പുമന്ത്രി എന്ന നിലയിൽ ആ നിർദ്ദേശം എന്താണെന്നു പറയാമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : ഊർജ്ജിത നെല്ലുൽപ്പാദന പദ്ധതി പ്രകാരം ഇന്ന് പതിനഞ്ചര ലക്ഷം ടൺ അരിയാണ് ഉൽപ്പാദിപ്പിക്കുന്നത്. അത് 14 ലക്ഷം ടണ്ണായി ഉയർത്തുന്നതിനുവേണ്ടിയുള്ള ചർച്ചാ ക്ലാസുകളും സെമിനാറുകളും 36 സബ് ഡിവിഷനുകളിലായി നടത്തുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പറും ഒന്നുരണ്ടു യോഗങ്ങളിൽ പങ്കെടുത്തിട്ടുള്ള ആളാണ്. അദ്ദേഹത്തിന്

LIBRARY ARCHIVES Kerala Legislative Assembly

ബോദ്ധ്യമുണ്ട്. ആത്മാർത്ഥമായ സഹകരണത്തിലൂടെ ഇൻപുട്ട്സ് കൃത്യമായി എത്തിച്ചുകൊടുക്കാൻ പ്രോത്സാഹിപ്പിക്കുന്നുണ്ട്. പല തലത്തിലും സംസ്ഥാന തലത്തിലും അവർക്ക് പ്രോത്സാഹന സമ്മാനങ്ങളും കൊടുക്കുന്നുള്ള തീരുമാനങ്ങളെടുത്തിട്ടുണ്ട്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

(ii)രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

സംസ്ഥാന ടെലിവിഷൻ സെറ്റുകളുടെ വിൽപ്പന നികുതി

*135 [139] ശ്രീ. പി. കെ. കെ. ബാവ :
,, കെ. പി. എ. മജീദ് :
,, പി. വി. മുഹമ്മദ് :
,, ഇ. ടി. മുഹമ്മദ് ബഷീർ. :
,, എ. വി. അബ്ദു റഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ നിർമ്മിച്ച സംസ്ഥാനത്തിനകത്ത് വിൽക്കുന്ന ടെലിവിഷൻ സെറ്റുകളുടെ വില്പന നികുതി കുറയ്ക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ നികുതി നിരക്കിൽ വരുത്തിയ കുറവെത്ര ;

(സി) സംസ്ഥാവത്ത് നിർമ്മിക്കുന്ന ഏതെല്ലാം ടെലിവിഷൻ സെറ്റുകൾക്ക് ഈ ആനുകൂല്യം ലഭിക്കും ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ):

(എ) ഉണ്ട്.

(ബി) 12-9-1986 മുതൽ വിൽപ്പന നികുതി നിരക്ക് 10 ശതമാനത്തിൽ നിന്നും 4 ശതമാനമായി കുറവുചെയ്തു.

(സി) ഈ സംസ്ഥാനത്ത് നിർമ്മിച്ച് അഥവാ സംയോജിപ്പിച്ച് കേരളത്തിനകത്ത് വിൽക്കുന്ന എല്ലാ ടെലിവിഷൻ സെറ്റുകൾക്കും ഈ ആനുകൂല്യം ലഭിക്കും.

മുദ്രപ്പത്രങ്ങൾക്കും സ്റ്റാമ്പുകൾക്കും ദൗർലഭ്യം

*136 [140] ശ്രീ. ടി. എച്ച്. മുസ്തഫ :
,, ജി. കാർത്തികേയൻ :
,, പി. പി. തങ്കച്ചൻ :
,, സ്റ്റീഫൻ പാദുവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താഴ്ന്ന വിലയ്ക്കുള്ള മുദ്രപ്പത്രങ്ങൾക്കും സ്റ്റാമ്പുകൾക്കും ദൗർലഭ്യം അനുഭവപ്പെടുന്നതായുള്ള വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly